(1)	(2)	(3)
ആലപ്പുഴ	1000	1000
ഇടുക്കി	305	305
കോട്ടയം	317	317
എറണാകുളം	447	447
തൃശ്ശൂർ	517	517
പാലക്കാട്	551	551
മയപ്പുറം	796	796
കോഴിക്കോട്	701	701
വയനാട്	402	402
കണ്ണൂർ	458	456
കാസർകോട്	177	177
	7230	7230

(ബി) ഉണ്ട്.

ജസ്റ്റിസ് വടക്കേൻ കമ്മീഷൻ റിപ്പോർട്ട്

428 [616] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കക്കിനടി ഇടപാടിനെ സംബന്ധിച്ച് അന്വേഷണം നടത്തിയ ജസ്റ്റിസ് ജോർജ് വടക്കേൻ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചുവോ ;

(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(സി) അന്വേഷണ റിപ്പോർട്ട് ഗവൺമെന്റ് പരിഗണിച്ചോ ; റിപ്പോർട്ട് അംഗീകരിച്ചോ ;

(ഡി) എന്തൊക്കെയാണ് കമ്മീഷന്റെ നിഗമനങ്ങൾ

ഉത്തരം

(എ) സമർപ്പിച്ചു.

(ബി) 27-7-1985-ൽ

(സി) റിപ്പോർട്ട് ഗവൺമെന്റ് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കോന്നി ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട തേക്കു തടി കടത്തിനെപ്പറ്റി അന്വേഷണം

429. [617] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കോന്നി ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട കമ്മണ്ണൂർ ഏരിയായിൽ നിന്നും കോടിക്കണക്കിനു ഉറുപ്പികയ്ക്കുള്ള തേക്കു തടികൾ വെട്ടി കടത്തിക്കൊണ്ടു പോയതിനെപ്പറ്റി അന്വേഷണം നടത്താൻ വിജിലൻസ് ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അന്വേഷണം എത്രത്തോളമായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

† അനുബന്ധം—VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—VII

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ [616] കാണുക

കക്കി തടി ഇടപാടു സംബന്ധിച്ചുള്ള ഗവൺമെൻറ് വിജ്ഞാപനത്തിനുള്ള ടേംസ് ഓഫ് റഫറൻസും അവയിൻമേൽ കമ്മീഷൻറെ നിഗമനങ്ങളും

ടേംസ് ഓഫ് റഫറൻസ്	കമ്മിഷൻറെ നിഗമനങ്ങളുടെ സംക്ഷിപ്തം
1. കക്കി ജലസംഭരണിയിൽ നിന്നും തടി നീക്കം ചെയ്യുന്നതിനായി 1977-ൽ കരാർ നൽകാൻ ഇടയായ സാഹചര്യങ്ങളും എന്തൊക്കെ; ഉദ്ദേശങ്ങളും എന്തൊക്കെ ?	കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൻറെ നിർദ്ദേശപ്രകാരം, കക്കി ജലസംഭരണിയിലെ 'ഹൈഡ്രജൻ സംഫൈഡ്' മലിനീകരണം മാറുന്നതിനായി, ജലസംഭരണിയിലെ തടി നീക്കം ചെയ്യാനാണ് 1977-ൽ ആദ്യമായി കരാർ നൽകിയത്.
2. 1977-ൽ കരാർ നൽകിയതിൽ ക്രമക്കേടുണ്ടായിരുന്നോ ? 3. ഓരോ തവണയും കരാർ കാലാവധി ദീർഘിപ്പിച്ച തീരുമാനം ക്രമവിരുദ്ധമായിരുന്നോ ? 4. കരാറിനോടനുബന്ധിച്ച് എടുത്ത മറേതെങ്കിലും തീരുമാനം ക്രമവിരുദ്ധമായിരുന്നോ ?	ആദ്യം കരാർനൽകിയതിലോ പിന്നീട് കാലാവധി ദീർഘിപ്പിച്ചു നൽകിയതിലോ കരാറിനോടനുബന്ധിച്ച് എടുത്ത മറേതെങ്കിലും തീരുമാനങ്ങളിലോ ക്രമക്കേടുകളൊന്നും ഉണ്ടായിട്ടില്ല.
5. കരാർ നൽകിയതിലോ കാലാവധി ദീർഘിപ്പിച്ചതിലോ കരാറിനോടനുബന്ധിച്ച് മറേതെങ്കിലും തീരുമാനം എടുത്തതിലോ ക്രമക്കേടുണ്ടായിട്ടുണ്ടെങ്കിൽ ആവക ക്രമക്കേടുമൂലം ഒഴിവാക്കാമായിരുന്ന എന്തെങ്കിലും നഷ്ടം ഗവൺമെൻറിന് സംഭവിച്ചിട്ടുണ്ടോ ?	ഇല്ല.
6. മേൽപറഞ്ഞ കാര്യങ്ങളോടു പ്രസക്തമായതോ ആനുഷംഗികമായി വരാവുന്നതോആയിട്ടുള്ള മറേതെങ്കിലും വസ്തുതകൾ.	ആനുഷംഗികമായി കമ്മിഷൻ വിവരിച്ചിട്ടുള്ള കാര്യങ്ങൾ ഗവൺമെൻറ് താല്പര്യങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly